പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.848 12.12.2012 ൽ മറുപടിയ്ക്ക്

## മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. എം. എ. വാഹീദ് | | ശ്രീ. പി.ജെ. ജോസഫ്<br>(ബഹു.ജലവിഭവ വകുപ്പു മന്ത്രി) |
| (എ) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | (എ) | മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കുന്നതിന്റെ പ്രാരംഭ നടപടിയായി പദ്ധതി പ്രദേശത്തെ പരിസ്ഥിതി ആഘാത പഠനം (EIA) നടത്തേണ്ടതായിട്ടുണ്ട്. പ്രസ്തുത പഠനം നടത്തുന്നതിനു കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി (NOC) ആവശ്യമാണ്. ആയതിനുള്ള അപേക്ഷ സംസ്ഥാന വൈൽഡ് ലൈഫ് ബോർഡിന്റെ (SBWL) അംഗീകാരം ലഭിച്ചതിനു ശേഷം വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ കീഴിലുള്ള കേന്ദ്ര വൈൽഡ് ലൈഫ് ബോർഡിന്റെ (NBWL) അംഗീകാരത്തിനായി സമർപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.<br><br>കൂടാതെ പരിസ്ഥിതി ആഘാത പഠനത്തിന് വനം പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും അംഗീകാരം കിട്ടി കഴിഞ്ഞാൽ പെരിയാർ ടൈഗർ റിസർവ്വ് (പി.റ്റി.ആർ) ൽ ഡാം നിർമ്മാണത്തിന് ആവശ്യമുള്ള സ്ഥലം കൈമാറ്റം ചെയ്തു കിട്ടുന്നതിന് വനം പരിസ്ഥിതി മന്ത്രാലയത്തിൽ അപേക്ഷ സമർപ്പിക്കുവാനും ഉദ്ദേശിക്കുന്നു. നിയമപരമായ അംഗീകാരം (സ്റ്റാറ്റ്യൂട്ടറി ക്ലിയറൻസ്) ലഭ്യമായി കഴിഞ്ഞാൽ ഭൂമി കൈമാറ്റം ചെയ്തു കിട്ടുന്നതനുസരിച്ച് മാത്രമേ പുതിയ ഡാമിന്റെ നിർമ്മാണം തുടങ്ങുവാൻ കഴിയുകയുള്ളു. പുതിയ ഡാമിന്റെ മോഡൽ സ്റ്റഡി, ഡൈനാമിക് അനാലിസിസ് എന്നിവ നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

| | | |
|---|---|---|
| (ബി) സുപ്രീംകോടതിയുടെ പരിസ്ഥിതി സംബന്ധമായ മേൽനോട്ട സമിതിയുടെ അംഗീകാരം നേടിയെടുക്കാൻ മുല്ലപ്പെരിയാർ സെൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) | മുല്ലപ്പെരിയാറിലെ പുതിയ അണക്കെട്ടിന്റെ പരിസ്ഥിതി സംബന്ധമായ വിഷയങ്ങൾ കൈകാര്യം ചെയ്യുവാൻ മുല്ലപ്പെരിയാർ സെല്ലിനെ ചുമതലപ്പെടുത്തിയിട്ടില്ല. |
| (സി) പാരിസ്ഥിതികാഘാത പഠനത്തിന് കേന്ദ്ര വന്യജീവി ബോർഡിന്റെ അംഗീകാരം ലഭിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ? | (സി) | മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കുന്നതിന്റെ പ്രാരംഭ നടപടിയായി പദ്ധതി പ്രദേശത്തെ പരിസ്ഥിതി ആഘാത പഠനം (EIA) നടത്തേണ്ടതായിട്ടുണ്ട്. പ്രസ്തുത പഠനം നടത്തുന്നതിനു കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി (NOC) ആവശ്യമാണ്. ആയതിനുള്ള അപേക്ഷ സംസ്ഥാന വൈൽഡ് ലൈഫ് ബോർഡിന്റെ (SBWL) അംഗീകാരം ലഭിച്ചതിനു ശേഷം വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ കീഴിലുള്ള കേന്ദ്ര വൈൽഡ് ലൈഫ് ബോർഡിന്റെ (NBWL) അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്. പരിസ്ഥിതി ആഘാത പഠനത്തിനു വേണ്ടിയുള്ള ടേംസ് ഓഫ് റഫറൻസിന്റെ അനുമതിയ്ക്കായി അവ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൽ സമർപ്പിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ